പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ – 434 **05. 02. 2014** - ലെ മറുപടി

<u>നോർക്ക റൂട്ട്സിന്റെ പദ്ധതികളിലും സേവനങ്ങളിലുമുള്ള കാലതാമസം</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| <u>ശ്രീ. റ്റി. വി. രാജേഷ്</u><br><u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u><br><u>ഡോ. കെ. ടി . ജലീൽ</u><br><u>ശ്രീ. രാജു എബ്രഹാം</u> | <u>ശ്രീ. കെ. സി. ജോസഫ്</u><br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| (എ) നോർക്ക റൂട്ട്സിന്റെ പദ്ധതികളും സേവനങ്ങളും വിദേശരാജ്യങ്ങളിൽ നിന്ന തിരിച്ചെത്തിയവർക്ക് യഥാസമയം ലഭിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ആവശ്യമായ രേഖകൾ സഹിതം നിശ്ചിത ഫോറത്തിൽ വിവിധ സേവനങ്ങളിലേക്കും പദ്ധതി ആനുകൂല്യങ്ങൾക്കുമായി സമർപ്പിക്കുന്ന അപേക്ഷകളിൽ സമയബന്ധിതമായി നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (ബി)ജോലി നഷ്ടപ്പെട്ട് തിരിച്ചെത്തിയ പ്രവാസികളുടെ പുനരധിവാസം, തൊഴിൽ കണ്ടെത്തൽ തുടങ്ങിയ കാര്യങ്ങളിലെ പ്രഖ്യാപനങ്ങൾ നടപ്പാക്കുന്നതിൽ ജാഗ്രത കാണിക്കാമോ; വ്യക്തമാക്കാമോ; | (ബി) നിതാഖത്ത് മൂലം തൊഴിൽ നഷ്ടപ്പെട്ട് തിരികെയെത്തുന്നവർക്ക് സമഗ്രമായ ഒരു പുനരധിവാസപാക്കേജിന് രൂപം നൽകി ആയത് നടപ്പാക്കുന്നതിന് വിശദമായ പദ്ധതികൾ തയ്യാറായി വരികയാണ്. തിരികെയെത്തിയവർക്ക് ഒരു സുസ്ഥിര വരുമാനം കണ്ടെത്തുകയെന്ന ലക്ഷ്യത്തോടെയാണ് പാക്കേജ് വിഭാവനം ചെയ്തിട്ടുള്ളത്. ജോലി നഷ്ടപ്പെട്ട് തിരികെയെത്തിയവരെ ഗൾഫ് രാജ്യങ്ങളിൽ തന്നെ ജോലി തരപ്പെടുത്തി വീണ്ടും തിരികെ അയക്കുന്നതിനും ആഭ്യന്തര തൊഴിൽ മേഖലയിൽ തൊഴിൽ കണ്ടെത്തുന്നതിന് സഹായം നൽകുന്നതിനും സ്വയം സംരംഭങ്ങൾ ആരംഭിക്കുവാൻ താൽപര്യമുള്ളവർക്ക് അതിന് സഹായങ്ങൾ ചെയ്യുന്നതിനും സഹകരണ സംഘങ്ങൾ ആരംഭിക്കുന്നതിനുമുള്ള പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. ഈ പാക്കേജ് നടപ്പാക്കുന്നതിന് 2014-15 സാമ്പത്തിക വർഷത്തിൽ 50 കോടി രൂപ 2 ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. |

തിരികെയെത്തിയ പ്രവാസികൾക്കായി നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് എന്ന പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. 2013 ജൂൺ 1 മുതൽ 2013 ജുലൈ 15 വരെ ഇതിനായുള്ള അപേക്ഷ സ്വീകരിച്ചിരുന്നു. 18500 ഓളം പേർ ഇതിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പദ്ധതി പ്രകാരം പ്രവാസികൾ ആരംഭിക്കുന്ന 20 ലക്ഷം രൂപവരെയുള്ള സംരംഭങ്ങൾക്ക് ബാങ്ക് വായ്പ ലഭ്യമാക്കി മൊത്തം പദ്ധതി ചിലവിന്റെ 10% ബാക്ക് എൻഡ് സബ്സിഡിയായി പരമാവധി 2 ലക്ഷം രൂപ നൽകുന്നതാണ് പദ്ധതി.

(സി) ഏതെല്ലാം പദ്ധതി വഴിയുള്ള സഹായത്തിനും പ്രവർത്തങ്ങൾക്കുമായി എത്ര അപേക്ഷകൾ ഇപ്പോൾ നോർക്ക റൂട്ട്സിൽ തീർപ്പാകാതെയുണ്ടെന്ന കണക്കുകൾ ലഭ്യമാണോ; എങ്കിൽ വിശദമാക്കാമോ?

(സി)

| പദ്ധതി | അപേക്ഷകളുടെ എണ്ണം (വിവിധ ഘട്ടങ്ങളിലായി നടപടി സ്വീകരിച്ചുവരുന്നത്) | | | |
|---|---|---|---|---|
| | Pending for enquiry | Pending for documents | Pending for sanction | Total |
| സാന്ത്വന | 628 | 545 | 51 | 1224 |
| കാരുണ്യം | 47 | | - | 47 |
| ചെയർമാൻ ഫണ്ട് | 16 | 43 | - | 59 |
| പ്രവാസി പുനരധിവാസ പദ്ധതി | - | - | 17565 | 17565 |
| | Pending for data entry | Pending for documents | Send to printing | |
| പ്രവാസി തിരിച്ചറിയൽ കാർഡ് | 1240 | 313 | 1422 | 2975 |
| എൻ.ആർ.കെ. ഇൻഷുറൻസ് കാർഡ് | 246 | - | 315 | 561 |

സെക്ഷൻ ഓഫീസർ